## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2756 — 18/06/2018-ൽ മറുപടിയ്ക്ക്

### കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ഗുണനിലവാരവും തുല്യതയും ഉറപ്പാക്കുന്ന പൊതുവിദ്യാഭ്യാസത്തിന്റെ സാക്ഷാത്കരണത്തിനായി തുടങ്ങിവച്ച പദ്ധതികൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) ഉണ്ട് |
| (ബി) കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; അതിലൂടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിലും ആശയവിനിമയത്തിലും വിദ്യാർത്ഥികൾക്ക് എത്രമാത്രം മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) 'മലയാളത്തിളക്കം','എന്റെ മലയാളം', 'ഹലോ ഇംഗ്ലീഷ്', 'സുരിലീ ഹിന്ദി' തുടങ്ങിയ പദ്ധതികൾ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയശേഷി ഗണ്യമായി വർദ്ധിച്ചതായി വ്യക്തമാകുന്നുണ്ട്. |
| (സി) പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരെ മറ്റ് കുട്ടികളോടൊപ്പം കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'ശ്രദ്ധ' പദ്ധതി വിജയകരമാണോ; വിശദമാക്കുമോ; | (സി) അതെ. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കുവാൻ 'ശ്രദ്ധ' പദ്ധതി സഹായകരമായിട്ടുണ്ട്. |
| (ഡി) പൊതു വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ എന്തെങ്കിലും മാറ്റം വേണമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ